بسم الله الرحمن الرحيم

# വെള്ളിയാഴ്ച ഖുത്തുബ

## ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(അ)

**20–ജനുവരി 2012** ~ *20 January 2012*

**25 സഫർ 1433 ഹിജ്റ** *(25 Safar 1433 Hijri)*

## വെള്ളിയാഴ്ച ഖുത്തുബയുടെ സംഗ്രഹം

സമീപപ്രദേശങ്ങളായ ദ്വീപിലുള്ളവർക്കും, ഇന്ത്യ, ട്രിനിനാട്, ടൊബാഗോ, തുടങ്ങിയ രാജ്യങ്ങൾ ഈ പേര് പറഞ്ഞുകൊ് ഭൂമുഖത്തു തന്റെ അനുയായികൾക്കെല്ലാം (മുസ്ലീംകൾക്കെല്ലാം) സമാധാന സന്ദേശം അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹ്ദ് തഅവ്വദ്, സൂറ: ഫാത്തിഹ എന്നവ ഓതിയശേഷം അദ്ദേഹം പറഞ്ഞു.

''നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമുഖത്തുള്ള എല്ലാവരും വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ നീ ജനങ്ങളെ വിശ്വാസികളായി തീരാൻ നിർബന്ധിക്കുകയാണോ?'' (10:100)

എല്ലാ മതങ്ങളുടെയും സത്തയായിട്ടുള്ളത് സുവിശേഷ ഘോഷകമാണ്. ഇത് ഒരു വ്യക്തിയിൽ നിന്നും ആരംഭിക്കുന്നു. മറ്റുള്ളവരെ അന്വേഷിക്കുകയും പ്രേരിപ്പിക്കുകയും അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു.അതു തുറന്നു കാട്ടുന്ന മൂല്യങ്ങളും അതിന്റെ ഉദാര പ്രകൃതിയും മനുഷ്യരെ അതിലേക്ക് അടുപ്പിക്കുന്നു. മനസ്സാക്ഷിക്കനുസൃതമായി സ്വീകരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്രം നല്കുന്നു. ഒരു മതത്തിൽ നിന്നും മാറുന്നതിനുള്ള അവകാശവും അതു നല്കുന്നു. മനുഷ്യരുടെ ഗുണപ്രദമായ ക്രമീകരണത്തിന് അത് ഹേതുകമായിത്തീരുന്നു. വിശുദ്ധ ഖുർ ആൻ വ്യക്തമാക്കുന്നത്, സർവ്വശക്തനും എല്ലാം അറിയുന്നവനുമായ ദൈവത്തിന്റെ കാര്യക്ഷമതയിൽപ്പെട്ട കാര്യമാണ് ഒരാളെ വിശ്വാസി ആക്കുക എന്നത്. എന്നാൽ അവൻ (ദൈവം) വിശ്വാസി ആയിത്തീരാൻ ആരെയും നിർബന്ധിക്കുന്നില്ല. അവന്റെ അഥവാ അവളുടെ ബോധവും, യുക്തി ബോധവും അനുസരിച്ച് പ്രവർത്തിക്കുവാൻ അവൻ അവരെ വിടുന്നു.

ഇസ്ലാംമത പ്രചാരണത്തിന് ശക്തി ഉപയോഗിക്കുവാൻ പാടില്ല എന്നത് വ്യക്തവും, സംശയത്തിന്റെ ഒരു നിഴൽ പോലും അവശേഷിക്കാത്തതുമായ സത്യമാണ്. ഇസ്ലാമിലെ പ്രവാചകനു ലഭിച്ച വെളിപാടിനെക്കാൾ ശ്രേഷ്ഠമായ മറ്റൊരു തെളിവ് ഇതിനാവശ്യമില്ല. അദ്ദേഹത്തോട് കല്പ്പിക്കുന്നു–''നിന്റെ രക്ഷിതാവിന്റെ നാമത്തിൽ നീ വായിക്കുക'' അറബി വാക്ക് ആയ ഇഖറഅ വ്യഞ്ജിപ്പിക്കുന്നത് രർത്ഥമാണ്. 1.) പാരായണം ചെയ്യുക 2) വായിലൂടെ വരുന്ന വാക്കിലൂടെ എത്തിക്കുക. നമ്മുടെ ബഹുമാന്യ പ്രവാചകൻ മുഹമ്മദ് (സ.അ) ന് വാക് രൂപേണ ലഭിച്ച ആദ്യ വെളിപാട് ~~അനുഭവ~~മായിരുന്നു അത്. ഈ സന്ദർഭത്തിൽ വെളിപ്പെട്ട ഈ വചനങ്ങളിലൂടെ വളരെ ബ്രഹത്തായ ആശയമാണ് മാനവകുലത്തിന് എത്തിച്ചിരിക്കുന്നത്. മാനവരാശിക്ക് തന്റെ സന്ദേശം എത്തിക്കുവാൻ അദ്ദേഹത്തെ തെരഞ്ഞെടുത്ത് ഒരു ഉപകരണമാക്കിയിരിക്കുകയാണ് എന്ന് ദൈവം അദ്ദേഹത്തോട് മുന്നറിയിപ്പ് നല്കുകയുായി.

പരിശുദ്ധ ഖുർ ആനിൽ അല്ലാഹു പറയുന്നു.

''മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരക്തമായിരിക്കുന്നു''.(2:257)

ഈ വചനം ജനങ്ങളെ ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തുവാൻ ബലപ്രയോഗം പാടില്ല എന്ന് ശക്തമായി തടയുക മാത്രമല്ല ചെയ്യുന്നത് മറിച്ച് എന്തുകൊ് ഇക്കാര്യത്തിൽ ബലപ്രയോഗം ആവശ്യമില്ല എന്നും അത് വിവരിക്കുന്നു. എന്തുകൊന്നൊൽ സത്യം അസത്യത്തിൽ നിന്ന് വ്യതിരക്തമായി നില്ക്കുന്നു. അക്കാരണത്താൽ ബലപ്രയോഗം നടത്തുന്നതിൽ ഒരു നീതികരണവുമില്ല.

''ബഹുദൈവ വിശ്വാസികളിൽ നിന്ന് ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതു വരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചു കൊടുക്കുക. ഇത് അവർ(കാര്യം) അറിയാത്ത ജനങ്ങളായതു കൊാണ്.''(9:6)

ബഹുദൈവ വിശ്വാസികളുമായി ഒരു യുദ്ധസ്ഥിതി നിലനിൽക്കുകയാണെങ്കിൽ പോലും, ഇസ്ലാം മതം സ്വീകരിക്കുവാനായി സമ്മർദ്ദം ചെലുത്തുവാൻ പാടില്ല. ചുരുക്കത്തിൽ മതപരിവർത്തനത്തിനായി യുദ്ധമോ, സമ്മർദ്ദമോ പാടില്ല എന്നു സാരം. സത്യം അന്വേഷിക്കുന്നതിനായി വിഗ്രഹാരാധകർക്ക്, അവർ ആഗ്രഹിക്കുന്നുവെങ്കിൽ മുസ്ലിം ക്യാമ്പ് സന്ദർശിക്കുന്നതിന് അനുവാദം നല്കപ്പെട്ടിരിക്കുന്നു. സത്യം അവർക്ക് വെളിപ്പെടുത്തി കൊടുത്ത ശേഷം പുതിയ വിശ്വാസം സ്വീകരിക്കുവാൻ അവർക്കു താത്പര്യമില്ലെങ്കിൽ സുരക്ഷിതമായ സ്ഥലത്തേക്ക് അവരെ എത്തിക്കേതാണ്. ഇത്രയും വ്യക്തമായ അധ്യാപനത്തിന്റെ മുഖത്താണ് അസഹിഷ്ണുതയുടെ മതമാണ്; മതപരിവർത്തനത്തിന് ബലപ്രയോഗം നടത്തുന്ന മതമാണ് ഇസ്ലാം എന്ന് ''അനീതി''യുടെ കുറ്റം ആരോപിക്കുന്നത്, ചുമത്തുന്നത്.ഒരു ദൈവീക പ്രവാചകന്റെ ഉത്തരവാദിത്വം ദൈവം തനിക്ക് വെളിപ്പെടുത്തി കൊടുത്ത വസ്തുതകൾ കാണിച്ചു കൊടുക്കുക എന്നതു മാത്രമാണ്. ജനങ്ങൾ അതു സ്വീകരിക്കുവാൻ നിർബന്ധിക്കുക എന്നത് തന്റെ കാര്യമല്ല. ഇസ്ലാം അതിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിന് ബലപ്രയോഗം നടത്തുന്നു എന്നത് ഇസ്ലാമിന്റെ മേലുള്ള ഒരു ആരോപണം മാത്രമാണ്. ഈ വചനം അതിനെ (ആരോപണത്തെ) ശക്തിയുക്തം ഖണ്ഡിക്കുന്നു.

''നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ.(പക്ഷേ അവൻ നിർബന്ധിക്കുന്നില്ല) എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവരെ നിർബന്ധിക്കുകയോ'' (10:100)

''അല്ലാഹു ഇച്ഛരിച്ചിരുന്നുവെങ്കിൽ അവൻ (അല്ലാഹുവിന്) കൂട്ടുകാരെ സങ്കല്പ്പിക്കുമായിരുന്നില്ല. നാം നിന്നെ അവരുടെ മേൽ കാവൽക്കാരനായിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല''. (6:108)

അവന്റെ അനന്തമായ ബുദ്ധിവൈഭവത്താൽ മനുഷ്യനെ ദൈവം ഒരു സ്വതന്ത്ര പ്രതിനിധി ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ വചനത്തിൽ നിന്നും വ്യക്തമാവുന്നത് സത്യം സ്വീകരിക്കുവാൻ ഒരു മനുഷ്യനെയും ദൈവം നിർബന്ധിക്കുന്നില്ല എന്നതാണ്. അതു സ്വീകരിക്കുവാനുള്ള അവകാശം അവനു തന്നെ നല്കിയിരിക്കുകയാണ്. ദൈവം പോലും വിശ്വാസകാര്യത്തിൽ നിർബന്ധിക്കാതിരിക്കെ, നമ്മുടെ പ്രവാചക പ്രഭുവായ മുഹമ്മദ്(സ.അ)ന് നിർബന്ധിക്കുവാൻ കഴിയുമോ? എന്തുകൊന്നൊൽ അദ്ദേഹം ഒരു ദൈവദൂതൻ മാത്രമാണ്.

*keeper*(സൂക്ഷിപ്പുകാരൻ) *guardian* (രക്ഷകർത്താവ്) അല്ലെങ്കിൽmanager(മാനേജർ) എന്നീ വാക്കുകൾ കൊർത്ഥമാക്കുന്നത് മുഹമ്മദ്(സ.അ) അവിശ്വാസികളുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഇല്ല എന്നുമാത്രമല്ല അവരുടെ കാര്യങ്ങളുടെ കൈകാര്യ കർത്താവുമല്ല.

''വിശ്വാസികളിൽ നിന്ന് ബുദ്ധിമുട്ടുള്ളവരൊഴിച്ച് (ജിഹാദിനു പോകാതെ സ്വന്തം വീടുകളിൽ) ഇരിക്കുന്നവരും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊും ജീവൻ കൊും 'ജിഹാദ്' ചെയ്യുന്നവരും ഒരു പോലെയാവില്ല. തങ്ങളുടെ ധനം കൊും ജീവൻ കൊും (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) ജിഹാദ് ചെയ്യുന്നവരെ (സ്വസ്ഥമായി) ഇരിക്കുന്നവരെക്കാൾ അല്ലാഹു പദവിയിൽ ഉയർന്നിരിക്കുന്നു. അല്ലാഹു എല്ലാവരോടും ഏറ്റവും ഉത്തമമായ പ്രതിഫലം വാഗ്ദാനം ചെയ്തിട്ട്. 'ജിഹാദ്' ചെയ്യുന്നവരെ സ്വസ്ഥരായി ഇരിക്കുന്നവരെക്കാൾ മഹത്തായ പ്രതിഫലം നല്കി അല്ലാഹു ഉൽകൃഷ്ടരുമാക്കിയിരിക്കുന്നു''. (4:96)

താഴെപറയുന്ന ദൈവീക വചനത്തിലെ വാക്കുകൾ ശ്രദ്ധിക്കുക ''നന്മയിലേക്ക് ക്ഷണിക്കുകയും നല്ലകാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലു ാവേ താണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ''.(3:105) ദൈവമാർഗ്ഗത്തിൽ ക്ഷണിക്കുക എന്നത് ഒരു വിഭാഗത്തിന്റെ മാത്രം ജോലിയാണ് എന്നല്ല അർത്ഥമാക്കുന്നത്. ഇതുകൊ

ർത്ഥമാക്കുന്നത് എല്ലാവരും ഇസ്ലാമിന്റെ സത്യം പ്രബോധിക്കുകയും ഉപദേശിക്കുകയും ചെയ്യുക. എന്നാൽ മുസ്ലീംകൾ പ്രബോധനത്തിനും ഉപദേശത്തിനും മാത്രമായി നിലകൊള്ളേതാണ് എന്നാകുന്നു. എല്ലാ മുസ്ലിംകളും പൂർണ്ണമായും ഇസ്ലാമിനെ പ്രബോധിക്കുവാൻ മാത്രമായി നിലകൊള്ളുവാൻ കല്പ്പിക്കുന്നില്ല. അപ്രകാരമായാൽ മുസ്ലിംകൾക്ക് അവരുടെ ദൈനംദിനാവശ്യങ്ങൾക്കാവശ്യമായതു സമ്പാദിക്കുവാൻ കഴിയാതെവരും മാത്രമല്ല മറ്റ് ആരോഗ്യപരമായ ജീവിതകാര്യങ്ങളിൽ ഏർപ്പെടുവാൻ സാധിക്കാതെ വരുകയും ചെയ്യും. ആയതിനാൽ എല്ലാവരും അവരവരുടെ വിഹിതം സമുദായത്തിന്റെ പ്രബോധന വിഭാഗത്തിന് ആവശ്യമായത് നല്കുക. കാരണം അപ്പോഴവർക്ക് പൂർണ്ണമായും പ്രബോധന കാര്യങ്ങളിൽ മാത്രമായി മുഴുകുവാൻ കഴിയുന്നതാണ്.

''തത്ത്വജ്ഞാനവും സദുപദേശവും കൊ് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബദ്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരെയും അവൻ നന്നായി അറിയുന്നു''.(16:126)

മേൽകാണിച്ച വചനത്തിലെ 'ഹിക്മ്മ' അഥവാ 'ജ്ഞാനം' എന്ന വാക്ക് കൊർത്ഥമാക്കുന്നത് (1)അറിവ് അഥവാ ശാസ്ത്രം (2) ധർമ്മം അഥവാ നീതി(3) സഹനശീലം അഥവാ കാരുണ്യം(4) അടിയന്തിര സ്ഥിതിക്കനുസരിച്ച് പ്രഭാഷണം ചെയ്യുകയോ, എന്തെങ്കിലും പറയുകയോ ചെയ്യുക(5) പ്രവചന ഭാഗ്യം(6) അജ്ഞാന പെരുമാറ്റത്തിൽ നിന്നും പിന്തിരിയുക അഥവാ തടയുക.

മുകളിൽ സൂചിപ്പിച്ച എല്ലാ അർത്ഥത്തിലും ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത്തെ അർത്ഥത്തിൽ ഈ വാക്ക് നാം പരിശോധിക്കുമ്പോൾ, ഈ വാക്ക് അർത്ഥമാക്കുന്നത് മുസ്ലിംകൾ തീർച്ചയായും ഇസ്ലാമിലേക്ക് മറ്റുള്ളവരെ ക്ഷണിക്കേത് അറിവിന്റെയും. ബുദ്ധിയുടെയും വെളിച്ചത്തിലായിരിക്കണം. മറിച്ച് വൈകാരികതയുടെയും മാനസിക വിക്ഷേഭത്തിന്റെയും അടിസ്ഥാനത്തിലാകരുത്. രാമത്തെ അർത്ഥത്തിൽ ഈവാക്ക് ഉപയോഗിക്കുമ്പോൾ, മറ്റു വിശ്വാസ സംഹിതകളെയും അനുയായികളേയും നേരിടുമ്പോൾ, മുസ്ലീംമിഷണറിമാർ, മറ്റു വിശ്വാസ സംഹിതകൾക്കെതിരിൽ (ഇസ്ലാം മാത്രമാണ് കാലികമായിട്ടുള്ളത്) എന്നു പറഞ്ഞ് തർക്കം ഉന്നയിക്കാതിരിക്കാൻ ശ്രദ്ധിക്കേതാണ്. അത്തരത്തിലുള്ള നീക്കം നീതിയുമായി ചേർച്ചയില്ലാത്തതും മാത്രമല്ല, അപ്രസക്തവുമായിരിക്കും. മൂന്നാമത്തെ അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിക്കുമ്പോൾ മുസ്ലിംകൾ ക്ഷമാപൂർവ്വം ഇസ്ലാമിന്റെ സൗന്ദര്യത്തെ വിശദീകരിച്ചു കൊടുക്കേതാണ്. നാലാമത്തെ അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിക്കുമ്പോൾ, മറ്റു ജനതയെ ഇസ്ലാമിലേക്ക് ക്ഷണിക്കുമ്പോൾ മുസ്ലിംകൾ സത്യവസ്തുതയല്ലാത്ത ഒന്നും പറയരുത്. സത്യം പ്രബോധിക്കുമ്പോൾ അസത്യത്തെ കൂട്ടുപിടിച്ചാൽ അവർ അവരുടെ തന്നെ ആത്മാക്കളെയാണ് നശിപ്പിക്കുന്നത് മറ്റുള്ളവരെ രക്ഷിക്കുന്നതിന്റെ പേരിൽ.

മാത്രമല്ല അവരുടെ പ്രഭാഷണം സന്ദർഭത്തിനു യോജിച്ച നിലയിലായിരിക്കണം. മറ്റുള്ളവരുടെ ലോലവികാരങ്ങളെ മുറിവേല്പിക്കരുത്. അഞ്ചാമത്തെ അർത്ഥത്തിൽ ഈ വചനം അർത്ഥമാക്കുന്നത് മുസ്ലിംകൾ ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കേത് അവരുടെ ലോലവികാരങ്ങളെ ഉപയോഗപ്പെടുത്തിയായിരിക്കണം. അഞ്ചാമത്തെ അർത്ഥത്തിൽ പ്രസ്തുത വാക്ക് ഉപയോഗിക്കുന്നത് പ്രസ്തുതവചനത്തിലൂടെ വിശുദ്ധ ഖുർ ആന്റെ വാദമായിരിക്കണം നിരത്തേത്; അതല്ലാതെ വാദക്കാരുടെ സൃഷ്ടിയായ അവരുടെ മാനസിക ചാപല്യങ്ങളായിരിക്കരുത്. അവസാനമായി, ആറാമത്തെ അർത്ഥത്തിൽ ആ വചനം അർത്ഥമാക്കുന്നത് ആരുടെ മുമ്പിലാണോ, അപേക്ഷ സമർപ്പിക്കുന്നത് അവർക്കാവശ്യമായ വിശദീകരണത്തിൽ കൂടുതലാകാതിരിക്കുവാൻ മുസ്ലിം പ്രഭാഷകർ കരുതിയിരിക്കണം. മറ്റുള്ളവരുടെ സംശയങ്ങൾ ദുരീകരിക്കുവാൻ സഹായകമായ രീതിയിൽ സംസാരിക്കുക; അതല്ലാതെ തങ്ങളുടെ കഴിവും, സാമർത്ഥ്യവും പ്രദർശിപ്പിക്കുവാനുള്ള വേദിയാക്കി മാറ്റരുത്. 'സദുപദേശം' *(goodly exhortation)* എന്ന വാക്ക് കൊ് അർത്ഥമാക്കുന്നത്. കേൾവിക്കാരന്റെ ഹൃദയത്തെ മയപ്പെടുത്തുന്ന പ്രഭാഷണം; അതു പോലെ അത് അവനിൽ സ്വാധീനം ചെലുത്തുകയും ചെയ്യണം. അങ്ങനെ ചെയ്യാൻ വിശുദ്ധ ഖുർ ആൻ പിന്തുടരുന്നവരെ അത് ഉപദേശിക്കുന്നു; തണുത്തതും വരതുമായ കാര്യകാരണങ്ങൾ കൊ് നിങ്ങൾ തൃപ്തരാകരുത്. പിന്നെയോ തത്വചിന്താപരമായ പ്രബന്ധങ്ങളിലൂടെ , അവരുടെ മുദുല വികാരങ്ങളുടെ മുമ്പിൽ അഭ്യർത്ഥന സമർപ്പിക്കുക, അതവരെ ശക്തിപ്പെടുത്തുകയും, പിന്താങ്ങുകയും ചെയ്യും. ഈ അഭ്യർത്ഥന, അഥവാ അപേക്ഷ

സദുപദേശ രൂപത്തിലായിരിക്കണം. അതായത് ഇത് തികച്ചും സത്യത്തെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം; അല്ലാതെ അർത്ഥ സത്യങ്ങളോ, അപരന്റെ കാര്യത്തിൽ തലയിടലോ ആയിരിക്കരുത്.

''തന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു''. (16:126) മുസ്ലിം പ്രഭാഷകന് ഒരു ഉത്തേജനവുംസന്തോഷവാർത്തയുമാണ് ഈ വചനത്തിലടങ്ങയിരിക്കുന്നത്. അവനോട് പറയപ്പെടുന്നത് അവൻ അങ്ങേയറ്റം പരിശ്രമിച്ചിട്ടും അവൻ ഉദ്ദേശിച്ച ഫലം ലഭിക്കാതെ വരുമ്പോൾ അവൻ ഒരു വിധത്തിലും നിരാശപ്പെടരുത്; അതുപോലെ തന്റെ ഉപദേശത്തിലെ പാളിച്ച മൂലമാണിത് സംഭവിച്ചത് എന്നും കരുതരുത്. പിന്നെ തന്റെ മൂല്യവത്തായ അദ്ധ്വാനം തുടരുക തന്നെ ചെയ്യണം. പ്രവർത്തിയുടെ പരമമായ ഫലം അല്ലാഹുവിന് വിട്ടേക്കുക. കാരണം നേരായ പാതയിൽ തന്നെയാണ് നയിക്കപ്പെടേതെന്ന് അവനുമാത്രമാണറിയാവുന്നത്. ഇസ്ലാം വിദേശങ്ങളിൽ വ്യാപിച്ചപ്പോൾ, പ്രബോധനം നല്കപ്പെട്ടപ്പോൾ വെളിപാട് ഗ്രന്ഥങ്ങൾ നല്കപ്പെട്ട ജനതയെ അഭിമുഖീകരിച്ചപ്പോൾ മുസ്ലിംകളോടു ഈ വചനത്തിലൂടെ പറയപ്പെട്ടു.അവരുടെ മുമ്പിൽവളരെവലിയ പ്രയാസമേറിയജോലിയാണ് ഉള്ളത്എന്ന്.വിഗ്രഹാരാധകരുമായിനേരിടു

മ്പോൾ വിഗ്രഹാരാധനയെ ഖണ്ഡിക്കുവാൻ എളുപ്പമുള്ള കാര്യമായിരുന്നു. എന്നാൽ വേദഗ്രന്ഥം നല്കപ്പെട്ടവരുമായി നേരിടുമ്പോൾ ഇസ്ലാമിന്റെ സമുന്നതമായ അധ്യാപനങ്ങൾ തെളിയിക്കപ്പെടേടി വരുന്നു. വിശദമാക്കുക മാത്രമല്ല അതിനു സഹായകമായ മറ്റു കാര്യങ്ങളും വിശദീകരിക്കേി വരും.

''അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും സൽക്കർമം അനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവരിൽപ്പെട്ടവൻ തന്നെയാണെന്ന പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ല വാക്ക് പറയുന്നവനാരു്? നല്ലതും ചീത്തയും സമമാവുകയില്ല. അതിനാൽ ഏറ്റവും നല്ലതേതോ അതുകൊ്(ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞു കൂടുന്നവൻ പെട്ടന്നതാ ഒരാത്മമിത്രമെന്നപോലെ ആയിത്തീരുന്നു. എന്നാൽ സ്ഥിരചിത്തത കൈകൊവർക്കല്ലാതെ അത് പ്രാപ്യമാവുകയില്ല.(നൻമയുടെ) വലിയ ഒരംശം കരസ്ഥമാക്കിയവർക്കല്ലാതെ(അത് പ്രാപ്യമാവുകയില്ല)''(41:34-36)

ദൈവത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുന്നതിനെക്കാൾ നല്ലൊരു പ്രവർത്തി വേറെ ഇല്ല. താൻ ഉപദേശിക്കുന്ന കാര്യങ്ങൾ തന്റെ ജീവിതത്തിൽ മറ്റുള്ളവർക്കായി കാണിച്ചു കൊടുക്കുക. ദൈവേഷ്ടത്തിനായി തന്നെ പൂർണ്ണമായും അർപ്പിക്കുക. ഇതാണ് ഇസ്ലാമിന്റെ സത്ത. ധർമ്മോപദേശം വളരെ പ്രയാസമേറിയ പിന്തുടർച്ചാവകാശമാണ്. ആയതിനാൽ പ്രസ്തുത വചനം കല്പ്പിക്കുന്നു. അതു നിർവ്വഹിക്കേത് ക്ഷമയോടെയും സഹനതയോടെയുമാകുന്നു. തനിക്കു ലഭിക്കുന്ന മോശമായ പ്രതികരണത്തിനു പകരം നല്ലത് തിരിച്ചു കൊടുക്കുവാൻ കഴിയണം. അത്യുന്നത നിലവാരത്തിലുള്ള ധാർമ്മിക നിലവാരം പ്രതിപാദിക്കുന്ന ഈ വചനത്തിലെ അവസ്ഥ കരഗതമാക്കുവാൻ, തന്റെ ജീവിതം ദൈവമാർഗ്ഗത്തിൽ സമർപ്പിക്കുകയും നേരിടുന്ന പ്രയാസങ്ങളിലൂടെ, പിറുപിറുക്കാതെ, താമസ സൗകര്യം ഒരുക്കിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ.

അടുത്ത വെള്ളിയാഴ്ചയും ഈ വിഷയത്തിൽ പ്രഭാഷണം തുടരുവാൻ സർവ്വശക്തനായ അല്ലാഹു എനിക്ക് അവസരം നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ പ്രസംഗം മനസ്സിലാക്കുവാൻ അല്ലാഹു നിങ്ങളെ പ്രാപ്തരാക്കട്ടെ; നിങ്ങളുടെ ജീവിതം ഈ ദൈവീക ധർമ്മോപദേശ പ്രകാരമായിരിക്കട്ടെ ഇൻഷാ അല്ലാഹ്-ആമീൻ.

(ഈ പ്രസംഗം എഴുതികൊിരിക്കുമ്പോൾ ലഭിച്ച വെളിപാട്)

''അല്ലാഹുവിലേക്കുള്ള പാത വളരം ദുർഘടമാണ്. നിശ്ചയമായും എല്ലാതരത്തിലുള്ള പരീക്ഷണങ്ങളാലും പ്രയാസങ്ങളാലും നിറയപ്പെട്ടതാണ്. ഇസ്ലാമിന്റെ ഈ സന്ദേശം എത്തിക്കുവാൻ അതിസൂക്ഷ്മമായ വഴികൾ ഉപദേശകൻ കത്തേിയിരിക്കുന്നു. ലാളിത്യത്തോടെയും ശാന്തിയോടെയും വേണം അതു പകരുവാൻ. അങ്ങനെ ആയാൽ അവനു നല്കിയ ആത്മീയാഹാരം മാധുര്യത്തോടെ അവൻ ഭക്ഷിക്കുന്നതാണ്.അതിമനോഹരമായ സുഗന്ധലേപനം ചെയ്ത പൂച്ചെിനെക്കാൾ നറുമണം നല്കുന്നതായിരിക്കും അല്ലാഹുവിനോടുള്ള സ്നേഹം. ഖുർ ആനിലെ ഓരോ കല്പനയും ജീവിത പുഷ്പത്തിലെ ഓരോ ഇതൾ പോലെയാണ്. വിശ്വാസി താൻ അത് മണപ്പിക്കുകയും അതിന്റെ സുഗന്ധം ഉള്ളിൽ ആവാഹിക്കുകയും തദ്വാര തന്റെ ആത്മാവ് നിർവൃതിയിലാവുകയും, ദൈവീകാലിംഗനത്താൽ എന്നെന്നും ആറാടിക്കൊിരിക്കും. ഓരോ സഹീഹിൽ ഇസ്ലാം അംഗത്തിനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മഹത്തായ സേവനം ചെയ്യുവാൻ അല്ലാഹു പ്രാപ്തമാക്കട്ടെ. അവന്റെ എന്നെന്നും നിലനില്ക്കുന്ന സത്യത്തിനുവേി, അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള ആത്മാർത്ഥത, എന്തുതന്നെ സംഭവിച്ചാലും നിലനിർത്താൻ കഴിയട്ടെ; പാത ദൈർഘ്യമേറിയതാണ്. ഫലം എടുക്കുന്നതു വരെ; ആസ്വദിക്കുന്നതുവരെ; രക്ഷിതാവിന്റെ വിസ്മയകരമായ വീക്ഷണത്തിൻ കീഴിൽ''. ഇൻഷാ അല്ലാഹ് ആമീൻ.

*Translated by:*

*R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*